"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം -എക്സൈസ് വകുപ്പിൽ കോട്ടയം ഡിവിഷനിൽ കോട്ടയം എക്സൈസ് റേഞ്ച് ഓഫീസിൽ എക്സൈസ് പ്രിവൻറീവ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരവെ മരണപ്പെട്ട വി.കെ മുരളീധരൻറെ മകൻ ശ്രീ. അശ്വിൻ. വി. മുരളീധരന് സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.114/2025/TAXES തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-
1. 24.05.1999-ലെ സ.ഉ.(പി) നം.12/99/പി.&എ.ആർ.ഡി
2. ശ്രീ. അശ്വിൻ. വി. മുരളീധരൻ 13.01.2018, 25.11.2024 തീയതികളിൽ സമർപ്പിച്ച അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 24/3/2018, 19.01.2022,EXC/3169/2024-XM7 നമ്പർ കത്ത്, 17.11.2025 തീയതികളിലെ EXC983/2018-XM7 നമ്പർ കത്തുകൾ.
4. കോട്ടയം ജില്ലാകളക്ടറുടെ 23/9/2019-ലെ DCKTM/5089/2018-SS1 നമ്പർ കത്ത്

**ഉത്തരവ്**

എക്സൈസ് വകുപ്പിൽ കോട്ടയം ഡിവിഷനിൽ കോട്ടയം എക്സൈസ് റേഞ്ച് ഓഫീസിൽ എക്സൈസ് പ്രിവൻറീവ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരവെ 28/08/2017-ൽ മരണപ്പെട്ട വി.കെ മുരളീധരൻറെ മകൻ ശ്രീ. അശ്വിൻ. വി. മുരളീധരൻ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ എതെങ്കിലും ഒന്നിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനായി സമർപ്പിച്ച പരാമർശം (2)-ലെ 13.01.2018-ലെ അപേക്ഷ പരാമർശം (3)-ലെ 19.01.2022-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത്

സമർപ്പിച്ചിരുന്നു. തുടർന്ന് കോട്ടയം ജില്ലയിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (2)-ലെ 25.11.2024-ലെ അപേക്ഷ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) 06.05.1999-ൽ സർവ്വീസിൽ പ്രവേശിച്ച വി.കെ മുരളീധരൻ 28.08.2017-ൽ മരണപ്പെട്ടു. സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് 18 വർഷത്തേയും 3 മാസത്തേയും 25 ദിവസത്തേയും സേവന ദൈർഘ്യം എക്സൈസ് വകുപ്പിലുണ്ട്. മരണപ്പെട്ട സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് കോട്ടയം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മീനച്ചിൽ തഹസിൽദാർ നൽകിയിട്ടുള്ള റിപ്പോർട്ട് പ്രകാരം ശ്രീമതി. ഷീലാദേവി. പി.എം, ശ്രീമതി. അർച്ചന മുരളീധരൻ, കുമാരി. അഖില മുരളീധരൻ, ശ്രീ. അശ്വിൻ. വി. മുരളീധരൻ, ശ്രീമതി. എം.എസ്.കാർത്ത്യായനി എന്നിവർ വി.കെ മുരളീധരന്റെ നിയമാനുസരണമുള്ള അനന്തരാവകാശികളെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരന്റെ മറ്റ് അവകാശികൾ ശ്രീ. അശ്വിൻ. വി. മുരളീധരന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. ശ്രീ. അശ്വിൻ. വി. മുരളീധരന്റെ ജനനതീയതി 02.06.1997 ആണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അപേക്ഷകന് 22 വയസ് പൂർത്തിയായിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന സമയം കുടുംബത്തിന്റെ വാർഷിക വരുമാനം 2,40,000/- രൂപയാണ്. ആയത് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വരുമാന പരിധിയിലാണ്. ശ്രീ. അശ്വിൻ. വി. മുരളീധരൻ മരണപ്പെട്ട വി.കെ മുരളീധരന്റെ ആശ്രിതനായിരുന്നുവെന്ന് മീനച്ചിൽ തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതാണ്. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം തന്നെ ഈ അപേക്ഷയിൽ പാലിച്ചിട്ടുണ്ട്. ടി അപേക്ഷ എക്സൈസ് കമ്മീഷണറും കോട്ടയം ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുമുണ്ട്.

3) അപേക്ഷകൻ SSLC, Plus 2 പരീക്ഷകൾ പാസ്സായിട്ടുണ്ട്. ആയതിനാൽ ശ്രീ. അശ്വിൻ. വി. മുരളീധരന് കോട്ടയം ജില്ലയിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ടിയാന് പി.എസ്.സി നിശ്ചയിച്ചിട്ടുള്ള യോഗ്യതയായ Physical Measurements, Endurance Test , Physical Efficiency Test എന്നിവ നടത്തി ടി തസ്തികയിൽ നിയമിക്കുന്നതിനായി ടിയാൻ ശാരീരികവും വിദ്യാഭ്യാസപരമായും യോഗ്യനാണോ എന്നും ടിയാന് നിയമനം നൽകുന്നതിനുള്ള ഒഴിവുണ്ടോ എന്നും പരിശോധിച്ച് റിപ്പോർട്ട്

സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകുകയും അതിൻപ്രകാരം പരാമർശം (3)-ലെ 17.11.2025-ലെ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. അശ്വിൻ. വി. മുരളീധരന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം നൽകുന്നതിനായി ടിയാൻ ശാരീരികവും വിദ്യാഭ്യാസപരമായും യോഗ്യനാണെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപേക്ഷകൻ കോട്ടയം ജില്ലയിലാണ് നിയമനം ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഒഴിവുകളുള്ളത് ഏത് ജില്ലയിലാണെന്ന് എക്സൈസ് കമ്മീഷണർ വ്യക്തമാക്കിയിട്ടില്ല.

4) ഈ സാഹചര്യത്തിൽ എക്സൈസ് വകുപ്പിൽ കോട്ടയം ഡിവിഷനിൽ കോട്ടയം എക്സൈസ് റേഞ്ച് ഓഫീസിൽ എക്സൈസ് പ്രിവൻറീവ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരവെ 28/08/2017-ൽ മരണപ്പെട്ട വി.കെ മുരളീധരൻറെ മകൻ ശ്രീ. അശ്വിൻ. വി. മുരളീധരന് (വൈക്കത്തുശ്ശേരിൽ, കിടങ്ങൂർ സൗത്ത് പി.ഒ, കിടങ്ങൂർ, കോട്ടയം, 686583) ആശ്രിത നിയമന പദ്ധതി പ്രകാരം എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ കോട്ടയം ജില്ലയിൽ ഒഴിവുള്ള പക്ഷം ടി ജില്ലയിലും അല്ലാത്തപക്ഷം പരാമർശം (1) ഉത്തരവിലെ ന്റെ ഖണ്ഡിക 28 പ്രകാരം മറ്റേതെങ്കിലും ജില്ലയിൽ നിയമനം നൽകാവുന്നതും കോട്ടയം ജില്ലയിൽ ഒഴിവുണ്ടാകുന്ന സമയത്ത് ടിയാൾക്ക് ടിയാളുടെ സീനിയോറിറ്റി നഷ്ടമാവാതെ കോട്ടയം ജില്ലയിലേക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, വൈദ്യ പരിശോധനാ റിപ്പോർട്ട് തുടങ്ങിയവ ഓരോ ജില്ലയിലും ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമേ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി മാറ്റി വയ്ക്കാവൂ എന്ന നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധിച്ച ശേഷം എക്സൈസ് കമ്മീഷണർ ശ്രീ. അശ്വിൻ. വി. മുരളീധരന് നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

6) ശ്രീ. അശ്വിൻ. വി. മുരളീധരന് നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിലും പരേതന്റെ സർവ്വീസിന്റെ അവസാനകാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ആയത് ഓഫീസ്/വകപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ ആശ്രിത നിയമന

അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

7) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതല അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായോ മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ടിയാന് നിയമന ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ മുൻകൂട്ടി അറിയിക്കാതെ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. അശ്വിൻ. വി. മുരളീധരൻ- (വൈക്കത്തുശ്ശേരിൽ, കിടങ്ങൂർ സൗത്ത് പി.ഒ, കിടങ്ങൂർ, കോട്ടയം, 686583) **(By registered post with AD)**
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
3. അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
5. ജില്ലാ കളക്ടർ, മലപ്പുറം
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. പൊതു ഭരണ (സർവ്വീസസ് - ഡി) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/189/2025/നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Hemalatha Das
Date: 23-12-2025 12:36:34